പെൻഷൻ തുക

*൪൦. (൯൧) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പെൻഷൻതുക വർദ്ധിപ്പിച്ചു സഹായിക്കാൻ ഏതെങ്കിലും പെൻഷൻഡ് ഉദ്യോഗസ്ഥന്മാരുടെ ആവലാതി ഹർജികൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥന്മാർ ആരെല്ലാം;

(സി) ഇവരുടെ പെൻഷൻ തുകകൾ യഥാക്രമം എങ്ങനെ?

ധനവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) പെൻഷൻഡ് ഉദ്യോഗസ്ഥന്മാരിൽ പലരും അവരുടെ പെൻഷൻ തുക വർദ്ധിപ്പിച്ചു കിട്ടണമെന്നു് ആവലാതിപ്പെട്ടിട്ടുണ്ട്.

(ബി) അങ്ങനെ ആവലാതിപ്പെട്ടവരുടെ ഒരു പ്രത്യേക ലിസ്റ്റ് തയാറാക്കുക പതിവില്ല.

(സി) ബി.യുടെ ഉത്തരത്തെ പരിഗണിച്ചു് ഇതു ഉദിക്കുന്നില്ല.

തടവുകാരുടെ സൌകര്യം

*൪൧. (൯൨) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ലാക്കപ്പുകളിൽ കിടക്കുന്ന തടവുകാരുടെ സൌകര്യാർത്ഥം എത്ര സബ് ജയിലുകൾ ഇതിനകം പണിതുകഴിഞ്ഞിട്ടുണ്ട്;

(ബി) ആലുവാ സബ് ജയിലിലേയ്ക്കു് തടവുകാരെ എന്നു മാറ്റി താമസിപ്പിക്കും?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) രണ്ടു വലിയ സബ് ജയിലുകൾ, ഒന്നു തിരുവനന്തപുരത്തും, മറ്റൊന്നു് ആലുവായിലും പണിതു കഴിഞ്ഞിട്ടുണ്ട്.

(ബി) ആലുവാ സബ് ജയിൽ കെട്ടിടം പണി തീർന്നിട്ടുണ്ട്. എന്നാൽ ജലസൌകര്യത്തിനും കക്കൂസിനും ആവശ്യമായ ജോലികൾ നടന്നുകൊണ്ടിരിക്കയാണു്. അവ തീർന്നാലുടൻ തടവുകാരെ പുതിയ കെട്ടിടത്തിലേക്കു് മാറ്റുന്നതാണു്.

ഡീലിമിറേഷൻ കമ്മിറ്റി റിപ്പോർട്ട്

*൪൨. (൯൪) ശ്രീ. കെ. ശാർങ്ഗധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി ഗവൺമെണ്ടു് ഒരു ഡീലിമിറേഷൻ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ; നിയമിച്ച തീയതി ഏതു്;

(ബി) ഡീലിമിറേഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെണ്ടിൽ സമർപ്പിച്ചുവോ; എന്നു്;

(സി) ടി കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഗവൺമെണ്ടു് ഏതെങ്കിലും തീരുമാനം ചെയ്തുവോ; തീരുമാനങ്ങളുടെ സാമാന്യരൂപം എന്തു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൯൫൦ ഏപ്രിൽ മാസത്തിൽ ഒരു ഡീലിമിറേഷൻ കമ്മിറ്റിയെ നിയമിച്ചു.

(ബി) ൧൯൫൦ ജൂണിൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ടി റിപ്പോർട്ടിൽ എതാനും ചില ഭേദഗതികൾ ചെയ്യിട്ടുണ്ട്. ഗവണ്മെണ്ട് അംഗീകരിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട മെമ്പറന്മാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

സുരേന്ദ്രന്റെ മരണം

*൪൯. (൯൩) ശ്രീ. കെ. ശാർങ്ങ്ധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) കൊട്ടാരക്കര ലോക്കപ്പിൽ കിടന്നു മരിച്ച സുരേന്ദ്രന്റെ മരണത്തെപ്പറ്റി ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ നേരിട്ടന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) സുരേന്ദ്രന്റെ മരണത്തെപ്പറ്റി ചീഫ് മിനിസ്റ്റർക്ക് എത്ര പരാതികൾ കിട്ടിയിട്ടുണ്ട്;

(സി) അവയുടെ അടിസ്ഥാനത്തിലാണോ അന്വേഷണം നടത്തിയതു?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കൊട്ടാരക്കര പോയ അവസരത്തിൽ സുരേന്ദ്രന്റെ മരണത്തെപ്പറ്റി ജനങ്ങൾക്ക് പറയുവാനുള്ളതു കേട്ടിട്ടുണ്ട്.

(ബി) അവിടെയുള്ള എതാനും ആളുകൾ ഒപ്പിട്ട ഒരു പരാതി കിട്ടിയിട്ടുണ്ട്.

(സി) ടി സംഭവത്തെപ്പറ്റി ആളുകൾക്ക് പരാതികൾ ഉണ്ടെങ്കിൽ അവ കേൾക്കുന്നതിനുകൂടിയാണ് പോയതു.

SABAHRIMALA ATROCITY

*44. [98] **Sri. T. P. Sitaraman:** Will the Hon'ble Chief Minster be pleased to state.—

(*a*) what is the result of the enquiry already made into the Sabarimala atrocity;

(*b*) have anybody been detained in this connection;

(c) if so how many and who are they ?

Chief Minister (Sri. T. K. Narayana Pillai):

(*a*), (*b*) and (c) Since the matter is still under investigation the information sought cannot be divulged at this stage.

പോലീസ് ശിക്കാറികൾ

*൪൭. (൧൦൦) ശ്രീ. പി. കെ. രാമൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

നമുക്കു പോലീസ് ശിക്കാറികൾ ഉണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ഇല്ല.

പത്രോപദേശക സമിതി

*൪൩. (൧൦൨) ശ്രീ. പി. കെ. രാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) പത്രോപദേശക സമിതിയിലെ മെമ്പർമാർ ആരെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly